ഉത്തരം

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ വ്യാജവാറും, വ്യാജചാരായ വിൽപ്പനയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വ്യാജവാറും വ്യാജ വില്പനയും തടയുന്നതിന് നിലവിലുള്ള അബ്കാരി നിയമങ്ങളും ശക്തവും ഫലപ്രദവുമാണ്.

വൈപ്പിൻ വിഷമദ്യ ദുരന്തത്തെക്കുറിച്ച് ജസ്റ്റീസ് ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട്

1306 [2337] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ വിഷമദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷണം നടത്തിയ ജസ്റ്റീസ് ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചത് എന്നാണ്;

(ബി) ഈ റിപ്പോർട്ടിൽ ഗവൺമെന്റ് ഇതികനം കൈക്കൊണ്ടിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(സി) ഭാവിയിൽ ഇത്തരം ദുരന്തങ്ങളും ഒഴിവാക്കാൻ നിലവിലുള്ള നിയമത്തിൽ എന്തെല്ലാം ഭേദഗതികളും വരുത്തണമെന്നു കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്;

(ഡി) എന്തെല്ലാം ഭേദഗതികളും ഇതികനം വരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) 18-1-1986-ൽ.

(ബി) റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളും വിശദമായി പരിശോധിച്ചതിനുശേഷമേ നിലവിലുള്ള നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് തീരുമാനിക്കാനാവൂ.

(ഡി) ഇതിനകം ഭേദഗതികളും ഒന്നും വരുത്തിയിട്ടില്ല.

സ്പിരിറ്റ് ഉൽപ്പാദനം

1307 [2338] ശ്രീ. കെ. പി. പ്രഭാകരൻ:
,, പി. കുമാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. വി. കണാരൻ:
,, കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് പുതിയതായി എന്തെങ്കിലും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly